**Athmaraksha.org**

തകർച്ചയുടെ വഴികൾ

## അഹങ്കാരം, വെറുപ്പ്, അസൂയ, പ്രതികാരം




അഹങ്കാരം കർത്താവിനെയും മനുഷ്യരെയും വെറുപ്പിക്കുന്നു (പ്രഭാഷകൻ 10:7). അഹങ്കാരം തുടങ്ങുമ്പോൾ കർത്താവിൽനിന്ന് അകലുന്നു; ഹൃദയം അവന്റെ സ്രഷ്ടാവിനെ പരിത്യജിച്ചിരിക്കുന്നു. അഹങ്കാരത്തോടൊപ്പം പാപവുംമുളയെടുക്കുന്നു; അതിനോട് ഒട്ടിനിൽക്കുന്നവൻമ്ലേച്ഛത വമിക്കും. അതിനാൽ, കർത്താവ് അപൂർവമായ പീഡകൾ അയച്ച് അവനെ നിശ്ശേഷം നശിപ്പിക്കുന്നു (പ്രഭാ 10:12-13).

പ്രതികാരം ചെയ്യുന്നവനോട് കർത്താവ് പ്രതികാരം ചെയ്യും; അവിടുന്ന് അവന്റെ പാപം മറക്കുകയില്ല അയൽക്കാരന്റെ തിൻമകൾ ക്ഷമിച്ചാൽ നീ പ്രാർഥിക്കുമ്പോൾ നിന്റെ പാപങ്ങളും ക്ഷമിക്കപ്പെടും (പ്രഭാ 28:1-2)

അഹങ്കരിക്കുന്നവരോടു കർത്താവിന് വെറുപ്പാണ്; അവർക്കു ശിക്ഷ കിട്ടാതിരിക്കുകയില്ല, തീർച്ച (സുഭാഷിതങ്ങൾ 16:5).

എവിടെ അസൂയയും സ്വാർഥമോഹവും ഉണ്ടോ അവിടെ ക്രമക്കേടും എല്ലാ ദുഷ്കർമങ്ങളും ഉണ്ട് (യാക്കോബ് 3:16).

തിൻമയ്ക്കു പകരം തിൻമ ചെയ്യരുത്; ഏവരുടെയും ദൃഷ്ടിയിൽ ശ്രേഷ്ഠമായതു പ്രവർത്തിക്കാൻ ശ്രദ്ധിക്കുവിൻ. സാധിക്കുന്നിടത്തോളം എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുവിൻ. പ്രതികാരം നിങ്ങൾതന്നെ ചെയ്യാതെ, അതു ദൈവത്തിന്റെ ക്രോധത്തിനു വിട്ടേക്കുക. എന്തെന്നാൽ, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: പ്രതികാരം എൻേറതാണ്; ഞാൻ പകരം വീട്ടും എന്നു കർത്താവ് അരുളിച്ചെയ്യുന്നു (റോമാ 12:17-19).

ആരും ആരോടും തിൻമയ്ക്കു പകരം തിൻമ ചെയ്യാതിരിക്കാനും തമ്മിൽത്തമ്മിലും എല്ലാവരോടും സദാ നൻമ ചെയ്യാനും ശ്രദ്ധിക്കുവിൻ (1 തെസലോനിക്കാ 5:15).

നിന്റെ ജനത്തോടു പകയോ പ്രതികാരമോ പാടില്ല. നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും

സ്നേഹിക്കുക. ഞാനാണ് കർത്താവ് (ലേവ്യർ 19:18).

തിൻമയ്ക്കു തിൻമയോ, നിന്ദനത്തിനു നിന്ദനമോ പകരം കൊടുക്കാതെ, അനുഗ്രഹിക്കുവിൻ. അനുഗ്രഹം അവകാശമാക്കുന്നതിനു വേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണല്ലോ നിങ്ങൾ (1 പത്രോസ് 3:9).

ദൈവം ക്രിസ്തുവഴി നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണകാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ (എഫേസോസ് 4:32).

നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക (മത്തായി 5:23-24).

ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ (മത്താ 5:44). മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും (മത്താ 6:14). നിങ്ങൾ സഹോദരനോടു ഹൃദയപൂർവം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെതന്നെ പ്രവർത്തിക്കും (മത്താ 18:35).

നിന്റെ ഹൃദയത്തിൽനിന്നു ദുഷ്ടത കഴുകിക്കളയുക; എന്നാൽ, നീ രക്ഷപെടും. എത്രനാളാണു നീ ദുഷിച്ച ചിന്തകളും പേറിനടക്കുക? (ജറെമിയാ 4:14).

അത്യുന്നതനും മഹത്വപൂർണനുമായവൻ, അനന്തതയിൽ വസിക്കുന്ന പരിശുദ്ധൻ എന്ന നാമം വഹിക്കുന്നവൻ, അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതമായ വിശുദ്ധസ്ഥലത്തു വസിക്കുന്നു. അനുതാപികളുടെ ഹൃദയത്തെയും വിനീതരുടെ ആത്മാവിനെയും നവീകരിക്കാൻ ഞാൻ അവരോടുകൂടെ വസിക്കുന്നു (ഏശയ്യാ 57:15).